**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 777** **11-06-2024 - ൽ മറുപടിയ്ക്ക്**

**സഹകരണ മേഖലയിലെ അഴിമതി ഇല്ലാതാക്കാൻ കർമ്മപദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അനൂപ് ജേക്കബ് | | ശ്രീ. വി.എൻ വാസവൻ<br>(തുറമുഖം - സഹകരണ വകുപ്പ് മന്ത്രി) | |
| (എ) | സഹകരണ മേഖലയിൽ അഴിമതി വർധിച്ച് വരുന്നുവെന്ന ആക്ഷേപത്തെക്കുറിച്ച് വിലയിരുത്തൽ നടത്തിയിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | ഉണ്ട്.<br><br>സംസ്ഥാനത്തെ ചില സഹകരണ സ്ഥാപനങ്ങളിൽ ക്രമക്കേടുകൾ ശ്രദ്ധയിൽപെട്ടതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്തെ സഹകരണ മേഖലയുടെ സമഗ്ര പരിഷ്കരണം ലക്ഷ്യമിട്ടും ക്രമക്കേടുകൾ തടയുന്നതിനുമായി പതിനഞ്ചാം കേരള നിയമ സഭയുടെ ഒൻപതാം സമ്മേളനത്തിൽ കേരള സഹകരണ സംഘം (മൂന്നാം ഭേദഗതി) ബിൽ പാസ്സാക്കുകയും. പ്രസ്തുത ബില്ലിന് ബഹു. ഗവർണറുടെ അംഗീകാരം ലഭിക്കുകയും ചെയ്തിട്ടുണ്ട്. |
| (ബി) | സഹകരണ മേഖലയിലെ അഴിമതി സംബന്ധിച്ച എത്ര കേസുകൾ വിജിലൻസ് അന്വേഷണത്തിന് ശിപാർശ ചെയ്തിട്ടുണ്ട്; വിശദമാക്കാമോ; | (ബി) | സഹകരണ മേഖലയിലെ അഴിമതി സംബന്ധിച്ച 12 കേസുകൾ വിജിലൻസ് അന്വേഷണത്തിന് ശുപാർശ ചെയ്തിട്ടുണ്ട്.<br><br>1. പുനലൂർ എസ്.സി/എസ്.റ്റി സഹകരണ സംഘം ക്ലിപ്തം നമ്പർ.489<br>2. മുല്ലൂർ റൂറൽ സഹകരണ സംഘം ക്ലിപ്തം നമ്പർ.റ്റി.1499<br>3. അഗ്രീൻകോ ക്ലിപ്തം നമ്പർ.4437<br>4. പേരാവൂർ ഹൗസ് ബിൽഡിംഗ് സഹകരണ സംഘം ക്ലിപ്തം നമ്പർ.സി.1004<br>5. കേരള സംസ്ഥാന പട്ടിക ജാതി പട്ടിക വർഗ്ഗ വികസന സഹകരണ ഫെഡറേഷൻ<br>6. മൂവാറ്റുപുഴ പ്രാഥമിക സഹകരണ കാർഷിക ഗ്രാമവികസന ബാങ്ക്<br>7. മരുതോങ്കര സർവ്വീസ് സഹകരണ ബാങ്ക്, കോഴിക്കോട്<br>8. വെങ്ങേരി അർബൻ സഹകരണ സംഘം, കോഴിക്കോട്<br>9. പിടവൂർ സർവ്വീസ് സഹകരണ ബാങ്ക്, കൊല്ലം |

| | | | |
|---|---|---|---|
| | | | 10. പുൽപ്പള്ളി സർവ്വീസ് സഹകരണ ബാങ്ക്, വയനാട്<br>11. പെട്രോളിയം പ്രോഡക്ട്സ് എംപ്ലോയീസ് സഹകരണ സംഘം ക്ലിപ്തം നമ്പർ.4443<br>12. കഴക്കൂട്ടം സർവ്വീസ് സഹകരണ ബാങ്ക് |
| (സി) | സഹകരണ വിജിലൻസ് വിഭാഗം രൂപീകരിച്ച ശേഷവും അഴിമതികൾ കൂടുന്നതിനാൽ ഈ മേഖലയിൽ കൂടുതൽ കർമ്മപദ്ധതികൾ ആവിഷ്കരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ: വിശദമാക്കാമോ; | (സി) | സഹകരണ സംഘം രജിസ്ട്രാറുടെ ഭരണ നിയന്ത്രണത്തിൽ പ്രവർത്തിക്കുന്ന സഹകരണ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ സംബന്ധിച്ച പരിശോധനകൾ കാര്യക്ഷമമാക്കുന്നതിനും ആവശ്യമായ നടപടികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനും താലൂക്ക് തലത്തിലും ജില്ലാ തലത്തിലും സംസ്ഥാന തലത്തിലും ഇൻസ്പെക്ഷൻ ടീം രൂപീകരിച്ച് പരിശോധന നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br><br>സഹകരണ സംഘങ്ങളുടെ ഓഡിറ്റ് കൂടുതൽ കാര്യക്ഷമവും കുറ്റമറ്റതും ആക്കുന്നതിലേയ്ക്കായി സഹകരണ വകുപ്പിൽ ടീം ഓഡിറ്റ് സംവിധാനം പൈലറ്റ് അടിസ്ഥാനത്തിൽ പത്തനംതിട്ട, തൃശ്ശൂർ ജില്ലകളിൽ ആരംഭിക്കുകയും സംസ്ഥാനമൊട്ടാകെ ടീം ഓഡിറ്റ് നടപ്പിലാക്കുന്നതിന് തത്വത്തിൽ അംഗീകാരം നൽകുകയും എല്ലാ ജില്ലകളിലും ടീം ഓഡിറ്റ് സംവിധാനം ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.<br><br>സഹകരണസംഘങ്ങളുടെ ഓഡിറ്റ് റിപ്പോർട്ടിലെ പ്രധാനപ്പെട്ട വിവരങ്ങൾ പൊതുജനങ്ങൾക്കടക്കം പരിശോധനയ്ക്ക് ലഭ്യമാക്കു ന്നതിനായി Co-operative Audit Monitoring & Information System (CAMIS) എന്ന ഡാഷ് ബോർഡ് സേവനം www.camis.kerala.gov.in എന്ന പേജിലൂടെ ലഭ്യമാണ്. സംഘങ്ങളുടെ അംഗത്വം, നിക്ഷേപം, വായ്പ, ലാഭം/നഷ്ടം തുടങ്ങിയ വിവരങ്ങൾ ഇതിലൂടെ അറിയാൻ കഴിയുന്നതാണ്. സഹകരണ മേഖലയുടെ സുതാര്യത ഉറപ്പുവരുത്തുന്നതിനും ഇടപാടുകാർക്കും അംഗങ്ങൾക്കും സ്ഥാപനത്തെ കുറിച്ച് കൂടുതൽ അറിയുന്നതിനും ഈ സേവനം സഹായിക്കുന്നു.<br><br>സഹകരണ നിയമപ്രകാരമുള്ള അന്വേഷണങ്ങളിലോ പരിശോധയിലോ ഓഡിറ്റിലോ ക്രിമിനൽ സ്വഭാവമുള്ള സാമ്പത്തിക ക്രമക്കേടുകൾ കണ്ടെത്തുന്ന പക്ഷം കൃത്യവിലോപം വരുത്തിയ ജീവനക്കാർക്കും ഭരണ സമിതി അംഗങ്ങൾക്കുമെതിരെ ക്രിമിനൽ നിയമ പ്രകാരം നടപടി സ്വീകരിക്കുന്നതിന് സഹകരണ സംഘം രജിസ്ട്രാർ 50/2021 നമ്പരായി സർക്കുലർ നിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ട്. സഹകരണ സ്ഥാപ നങ്ങളിൽ പൊതു ധനത്തിന്റേയോ |

ആസ്തികളുടേയോ തിരിമറികൾ ശ്രദ്ധയിൽപെട്ടാൽ പ്രസ്തുത ക്രമക്കേടിൽ ഉൾപ്പെട്ടിട്ടുള്ള തുകകൾ എത്രതന്നെയായാലും ക്രിമിനൽ നടപടി നിയമത്തിലെ വ്യവസ്ഥകൾ പ്രകാരം അന്വേഷണം നടത്തുന്നതിന് ക്രമക്കേട് ശ്രദ്ധയിൽപ്പെട്ട സഹകരണ സ്ഥാപനത്തിന്റെ ആസ്ഥാന ഓഫീസിന്റെ പരിധിയിൽ വരുന്ന ലോക്കൽ പോലീസ് സ്റ്റേഷനിൽ അറിയിക്കേണ്ടതാണെന്ന് പ്രസ്തുത സർക്കുലറിൽ നിഷ്കർഷിക്കുന്നു.

സംസ്ഥാനമൊട്ടാകെ ടീം ഓഡിറ്റ് നടപ്പിലാക്കുന്നതിന്റെ ഭാഗമായി വകുപ്പിലെ എല്ലാ ഓഡിറ്റർമാർക്കും തിരുവനന്തപുരം ജില്ലയിലെ അഗ്രിക്കൾച്ചറൽ കോ-ഓപ്പറേറ്റീവ് സ്റ്റാഫ് ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട് (ACSTI)-ൽ വച്ച് 2022 ഒക്ടോബർ മുതൽ ഡിസംബർ വരെ പരിശീലന പരിപാടി ആവിഷ്കരിച്ച നടപ്പിലാക്കി.

ഇതിനു പുറമേ ജില്ല തലത്തിൽ ഓഡിറ്റുമായി ബന്ധപ്പെട്ട് മാസ്റ്റേഴ്സ് ട്രെയിനർമാരെ നിയോഗിക്കുന്നതിലേയ്ക്കായി ഓരോ ജില്ലകളിൽ നിന്നും തെരഞ്ഞെടുക്കപ്പെട്ട ഉദ്യോഗസ്ഥർക്ക് Accounting Standards, Audit in IT environment, Inventory Accounting, Special Report drafting and processing, Audit Planning and Procedures, Analysis of Financial Statement and Stock Verification, Auditing Standards എന്നീ വിഷയങ്ങളെ സംബന്ധിച്ച് വർക്ക്ഷോപ്പുകൾ സംഘടിപ്പിച്ചിട്ടുണ്ട്.

അതോടൊപ്പം സഹകരണ നിയമ ഭേദഗതി പ്രകാരം സഹകരണ മേഖലയിലെ അക്കൗണ്ടിംഗ് GAAP -ലേയ്ക്ക് മാറ്റുന്നതിന്റെ ഭാഗമായി സഹകരണ സംഘങ്ങൾക്ക് ഒരു മോഡൽ അക്കൗണ്ടിംഗ് മാന്വൽ ലഭ്യമാക്കുന്നത് അത്യന്താപേക്ഷിതമാണ്. അക്കൗണ്ടിംഗ് രീതി മാറ്റുന്നതിന്റെ ഭാഗമായും ടീം ഓഡിറ്റ് നടപ്പിലാക്കിയതിന്റെ ഭാഗമായും ഓഡിറ്റിംഗ് മാന്വൽ, ഓഡിറ്റ് നോട്ട്, ഓഡിറ്റ് സർട്ടിഫിക്കറ്റ് എന്നിവയിലും പരിഷ്കരണങ്ങൾ ആവശ്യമാണ്. ആയതിനുള്ള സത്വര നടപടികളുമായി വകുപ്പ് മുന്നോട്ട് പോകുകയാണ്.

വസ്തു ഈടുകളുടെ സാംമ്പിൾ തെരഞ്ഞെടുത്ത് ഭൗതിക പരിശോധന നടത്തുവാൻ ഓഡിറ്റർമാർക്ക് നിർദ്ദേശം കൊടുത്തിട്ടുണ്ട്.

ഓഡിറ്റ് MATRIX–ന്റെ ഉപയോഗത്തിലൂടെ ഓഡിറ്റ് കൂടുതൽ കാര്യക്ഷമമാക്കുവാനും റിപ്പോർട്ടിംഗ്

| | | | |
|---|---|---|---|
| | | | മികവുറ്റതാക്കുവാനും റിസ്ക് കൂടിയ മേഖലകളിൽ കൂടുതൽ ശ്രദ്ധ ചെലുത്താനുമുള്ള പരിശീലനം ഓഡിറ്റ് ഡയറക്ടറുടെ നേതൃത്വത്തിൽ നൽകിയിട്ടുണ്ട്. ഓഡിറ്റ് MATRIX–ൽ ഓഡിറ്റ് സമയത്ത് ഉന്നയിക്കേണ്ട എല്ലാ ചോദ്യങ്ങളും ഉൾപ്പെട്ടിരിക്കും. ഓഡിറ്റ് MATRIX ഓഡിറ്റ് നോട്ടിനോടൊപ്പം റിപ്പോർട്ട് അംഗീകരിക്കുന്ന മേലധികാരിക്ക് സമർപ്പിയ്ക്കണം.<br><br>Entry Meet, Exit meet, Draft Audit Memo, Audit para System, compliance register, para dropping എന്നിവ സഹകരണ ഓഡിറ്റ് ഡയറക്ടറുടെ സർക്കുലർ നമ്പർ 01/2023, 02/2023,05/2023 എന്നീ സർക്കുലർ നിർദ്ദേശ പ്രകാരം നടപ്പിലാക്കിയിട്ടുണ്ട്. |
| (ഡി) | സഹകരണ മേഖലയിലെ അഴിമതി നിർമ്മാർജ്ജനം ചെയ്യുന്നതിന് ഓഡിറ്റ് ഡയറക്ടറേറ്റ് മുൻ വർഷങ്ങളിൽ നൽകിയ നിർദേശങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കാമോ? | (ഡി) | സഹകരണ സംഘം രജിസ്ട്രാറുടെ ഭരണ നിയന്ത്രണത്തിൽ പ്രവർത്തിക്കുന്ന സഹകരണ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ സംബന്ധിച്ച പരിശോധനകൾ കാര്യക്ഷമമാക്കുന്നതിനും ആവശ്യമായ നടപടികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനും താലൂക്ക് തലത്തിലും ജില്ലാ തലത്തിലും സംസ്ഥാന തലത്തിലും ഇൻസ്പെക്ഷൻ ടീം രൂപീകരിച്ച് പരിശോധന നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br><br>സഹകരണ സംഘങ്ങളുടെ ഓഡിറ്റ് കൂടുതൽ കാര്യക്ഷമവും കുറ്റമറ്റതും ആക്കുന്നതിലേയ്ക്കായി സഹകരണ വകുപ്പിൽ ടീം ഓഡിറ്റ് സംവിധാനം പൈലറ്റ് അടിസ്ഥാനത്തിൽ പത്തനംതിട്ട, തൃശ്ശൂർ ജില്ലകളിൽ ആരംഭിക്കുകയും സംസ്ഥാനമൊട്ടാകെ ടീം ഓഡിറ്റ് നടപ്പിലാക്കുന്നതിന് തത്വത്തിൽ അംഗീകാരം നൽകുകയും എല്ലാ ജില്ലകളിലും ടീം ഓഡിറ്റ് സംവിധാനം ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.<br><br>സഹകരണസംഘങ്ങളുടെ ഓഡിറ്റ് റിപ്പോർട്ടിലെ പ്രധാനപ്പെട്ട വിവരങ്ങൾ പൊതുജനങ്ങൾക്കടക്കം പരിശോധനയ്ക്ക് ലഭ്യമാക്കു ന്നതിനായി Co-operative Audit Monitoring & Information System (CAMIS) എന്ന ഡാഷ് ബോർഡ് സേവനം www.camis.kerala.gov.in എന്ന പേജിലൂടെ ലഭ്യമാണ്. സംഘങ്ങളുടെ അംഗത്വം, നിക്ഷേപം, വായ്പ, ലാഭം/നഷ്ടം തുടങ്ങിയ വിവരങ്ങൾ ഇതിലൂടെ അറിയാൻ കഴിയുന്നതാണ്. സഹകരണ മേഖലയുടെ സുതാര്യത ഉറപ്പുവരുത്തുന്നതിനും ഇടപാടുകാർക്കും അംഗങ്ങൾക്കും സ്ഥാപനത്തെ കുറിച്ച് കൂടുതൽ അറിയുന്നതിനും ഈ സേവനം സഹായിക്കുന്നു. |

സഹകരണ നിയമപ്രകാരമുള്ള അന്വേഷണങ്ങളിലോ പരിശോധയിലോ ഓഡിറ്റിലോ ക്രിമിനൽ സ്വഭാവമുള്ള സാമ്പത്തിക ക്രമക്കേടുകൾ കണ്ടെത്തുന്ന പക്ഷം കൃത്യവിലോപം വരുത്തിയ ജീവനക്കാർക്കും ഭരണ സമിതി അംഗങ്ങൾക്കുമെതിരെ ക്രിമിനൽ നിയമ പ്രകാരം നടപടി സ്വീകരിക്കുന്നതിന് സഹകരണ സംഘം രജിസ്ട്രാർ 50/2021 നമ്പരായി സർക്കുലർ നിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ട്. സഹകരണ സ്ഥാപ നങ്ങളിൽ പൊതു ധനത്തിന്റേയോ ആസ്തികളുടേയോ തിരിമറികൾ ശ്രദ്ധയിൽപെട്ടാൽ പ്രസ്തുത ക്രമക്കേടിൽ ഉൾപ്പെട്ടിട്ടുള്ള തുകകൾ എത്രതന്നെയായാലും ക്രിമിനൽ നടപടി നിയമത്തിലെ വ്യവസ്ഥകൾ പ്രകാരം അന്വേഷണം നടത്തുന്നതിന് ക്രമക്കേട് ശ്രദ്ധയിൽപ്പെട്ട സഹകരണ സ്ഥാപനത്തിന്റെ ആസ്ഥാന ഓഫീസിന്റെ പരിധിയിൽ വരുന്ന ലോക്കൽ പോലീസ് സ്റ്റേഷനിൽ അറിയിക്കേണ്ടതാണെന്ന് പ്രസ്തുത സർക്കുലറിൽ നിഷ്കർഷിക്കുന്നു.

സംസ്ഥാനമൊട്ടാകെ ടീം ഓഡിറ്റ് നടപ്പിലാക്കുന്നതിന്റെ ഭാഗമായി വകുപ്പിലെ എല്ലാ ഓഡിറ്റർമാർക്കും തിരുവനന്തപുരം ജില്ലയിലെ അഗ്രിക്കൾച്ചറൽ കോ-ഓപ്പറേറ്റീവ് സ്റ്റാഫ് ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട് (ACSTI)-ൽ വച്ച് 2022 ഒക്ടോബർ മുതൽ ഡിസംബർ വരെ പരിശീലന പരിപാടി ആവിഷ്കരിച്ച് നടപ്പിലാക്കി.

ഇതിനു പുറമേ ജില്ല തലത്തിൽ ഓഡിറ്റുമായി ബന്ധപ്പെട്ട് മാസ്റ്റേഴ്സ് ട്രെയിനർമാരെ നിയോഗിക്കുന്നതിലേയ്ക്കായി ഓരോ ജില്ലകളിൽ നിന്നും തെരഞ്ഞെടുക്കപ്പെട്ട ഉദ്യോഗസ്ഥർക്ക് Accounting Standards, Audit in IT environment, Inventory Accounting, Special Report drafting and processing, Audit Planning and Procedures, Analysis of Financial Statement and Stock Verification, Auditing Standards എന്നീ വിഷയങ്ങളെ സംബന്ധിച്ച് വർക്ക്ഷോപ്പുകൾ സംഘടിപ്പിച്ചിട്ടുണ്ട്.

അതോടൊപ്പം സഹകരണ നിയമ ഭേദഗതി പ്രകാരം സഹകരണ മേഖലയിലെ അക്കൗണ്ടിംഗ് GAAP -ലേയ്ക്ക് മാറുന്നതിന്റെ ഭാഗമായി സഹകരണ സംഘങ്ങൾക്ക് ഒരു മോഡൽ അക്കൗണ്ടിംഗ് മാന്വൽ ലഭ്യമാക്കുന്നത് അത്യന്താപേക്ഷിതമാണ്. അക്കൗണ്ടിംഗ് രീതി മാറുന്നതിന്റെ ഭാഗമായും ടീം ഓഡിറ്റ് നടപ്പിലാക്കിയതിന്റെ ഭാഗമായും ഓഡിറ്റിംഗ് മാന്വൽ, ഓഡിറ്റ് നോട്ട്, ഓഡിറ്റ് സർട്ടിഫിക്കറ്റ്

| | | | | |
|---|---|---|---|---|
| | | | | എന്നിവയിലും പരിഷ്കരണങ്ങൾ ആവശ്യമാണ്. ആയതിനുള്ള സത്വര നടപടികളുമായി വകുപ്പ് മുന്നോട്ട് പോകുകയാണ്.<br><br>വസ്തു ഈടുകളുടെ സാംമ്പിൾ തെരഞ്ഞെടുത്ത് ഭൗതിക പരിശോധന നടത്തുവാൻ ഓഡിറ്റർമാർക്ക് നിർദ്ദേശം കൊടുത്തിട്ടുണ്ട്.<br><br>ഓഡിറ്റ് MATRIX–ന്റെ ഉപയോഗത്തിലൂടെ ഓഡിറ്റ് കൂടുതൽ കാര്യക്ഷമമാക്കുവാനും റിപ്പോർട്ടിംഗ് മികവുറ്റതാക്കുവാനും റിസ്ക് കൂടിയ മേഖലകളിൽ കൂടുതൽ ശ്രദ്ധ ചെലുത്താനുമുള്ള പരിശീലനം ഓഡിറ്റ് ഡയറക്ടറുടെ നേതൃത്വത്തിൽ നൽകിയിട്ടുണ്ട്. ഓഡിറ്റ് MATRIX–ൽ ഓഡിറ്റ് സമയത്ത് ഉന്നയിക്കേണ്ട എല്ലാ ചോദ്യങ്ങളും ഉൾപ്പെട്ടിരിക്കും. ഓഡിറ്റ് MATRIX ഓഡിറ്റ് നോട്ടിനോടൊപ്പം റിപ്പോർട്ട് അംഗീകരിക്കുന്ന മേലധികാരിക്ക് സമർപ്പിയ്ക്കണം.<br><br>Entry Meet, Exit meet, Draft Audit Memo, Audit para System, compliance register, para dropping എന്നിവ സഹകരണ ഓഡിറ്റ് ഡയറക്ടറുടെ സർക്കുലർ നമ്പർ 01/2023, 02/2023,05/2023 എന്നീ സർക്കുലർ നിർദ്ദേശ പ്രകാരം നടപ്പിലാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ